**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 414** **20-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 01.01.1977-ന് മുൻപായി വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതാത് പ്രദേശത്തു ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം അവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി ജോയിന്റ് വെരിഫിക്കേഷൻ (JV) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവര ശേഖരണം 2024 മാർച്ച് 01 മുതൽ 30 വരെയും 2024 ജൂലൈ 10 മുതൽ 31 വരെയും നടത്തിയിട്ടുള്ളതാണ്.<br>വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി google sheet തയ്യാറാക്കി ആലപ്പുഴ ഒഴികെയുള്ള ജില്ലകളിലേയ്ക്ക് share ചെയ്തിട്ടുള്ളതും ജില്ലകളിൽ നിന്നും ആയതിൽ എൻട്രി വരുത്തിയിട്ടുള്ളതുമാണ്. വനഭൂമി വിവരശേഖരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടി സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐ.ടി സെൽ മുഖേന സ്വീകരിച്ചു വരുന്നുണ്ട്.<br>പ്രസ്തുത പോർട്ടൽ തയ്യാറായതിനു ശേഷം ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാർക്ക് 1993-ലെ സ്പെഷ്യൽ ഭൂമി പതിവ് നിയമപ്രകാരം പട്ടയം നൽകുന്നതിനും JV ലിസ്റ്റിൽ ഉൾപ്പെടാത്ത കൈവശക്കാരുടെ മുൻഗാമികൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് പ്രാദേശിക അന്വേഷണം നടത്തി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും JV നടന്നിട്ടില്ലാത്ത പ്രദേശങ്ങളിൽ വനം വകുപ്പുമായി ചർച്ച നടത്തി |

| | | | |
|---|---|---|---|
| | | | പുതിയതായി JV നടത്തുന്നതിന്റെ അവശ്യകത സംബന്ധിച്ച് പരിശോധിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഹിൽ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുണ്ടായിരുന്ന തടസ്സങ്ങൾ മറികടക്കാനും പട്ടയം ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ടോ; ആയതിന്റെ നടപടികൾ വിശദമാക്കാമോ; | (ബി) | ഹിൽ സെറ്റിൽമെന്റുകളിൽ ഭൂമി കൈവശം വച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനായി പുറപ്പെടുവിച്ച GO 2020/20 ഉത്തരവിന്റെയും GO 3966/23 ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പട്ടയ നടപടികൾ നടന്നു വരുന്നു. ഇതിനായി ഇടുക്കി, എറണാകുളം കോട്ടയം ജില്ലകളിൽ സ്പെഷ്യൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെട്ടതും നിലവിൽ പട്ടിക വർഗ്ഗേതര വിഭാഗക്കാരുടെ കൈവശത്തിലുള്ളതുമായി ഹിൽമെൻ സെറ്റിൽമെന്റുകളിലുൾപ്പെട്ട ഭൂമി 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട്-ലെ വകുപ്പ് 5 പ്രകാരം കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 02.02.2024-ലെ എ3/404/2018/REVനമ്പർ പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ കോതമംഗലം (എൽ.എ) സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം മുഖേന നടപടി സ്വീകരിച്ചു വരുന്നതുമാണ്. പ്രസ്തുത സ്പഷ്ടീകരണം പ്രകാരം 1/1/1960നും 23/1/1986നും ഇടയിലുള്ള കാലയളവിൽ പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് ഉടമസ്ഥാവകാശമുള്ള ഭൂമി, പട്ടിക ഗോത്രവർഗേതര വിഭാഗങ്ങൾക്ക് കൈമാറി ലഭിക്കുകയും വിസ്തീർണ്ണം 2 ഹെക്ടർ അധികരിക്കാതെയുള്ള സംഗതിയിൽ അത്തരം ഭൂമിക്ക് പ്രസ്തുത കൈവശക്കാരുടെ പേരിൽ പട്ടയം അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള കേസുകളിൽ നടപടി സ്വീകരിക്കുന്നത് പരിഗണിച്ചു വരുന്നു.<br><br>കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ മൂന്ന് വില്ലേജുകളിൽ ഉൾപ്പെട്ടതും ബി.റ്റി.ആർ-ൽ ഭൂമിയുടെ തരം പുറമ്പോക്ക്/ഫോറസ്റ്റ്/പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിട്ടുള്ള 1450 ഹെക്ടർ ഭൂമികളിലായി താമസിച്ച് വരുന്ന 8000-ൽ അധികം കുടുംബങ്ങൾക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 15.03.2024-ലെ സ.ഉ(കൈ)നം.67/2024/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 17 തസ്തികകളോടുകൂടി ഒരു വർഷത്തേക്ക് സ്പെഷ്യൽ ഓഫീസ് അനുവദിക്കുകയും പട്ടയ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് ദീർഘകാലമായി പരിഹരിക്കാതെ നിലനിന്നിരുന്ന പട്ടയ പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും അവയിൽ പരിഹരിക്കപ്പെട്ട പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ദീർഘകാലമായി പരിഹരിക്കാതെ നിലനിന്നിരുന്ന പട്ടയ പ്രശ്നങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരിഹരിക്കപ്പെട്ടവയും ജില്ലാ അടിസ്ഥാനത്തിൽ ചുവടെ രേഖപ്പെടുത്തുന്നു.<br><br>**<u>1)തിരുവനന്തപുരം</u>**<br><br>തിരുവനന്തപുരം ജില്ലയിൽ സമുദ്രതീര പുറമ്പോക്ക്, വിറകുവനം, കുളം, റോഡ് , തോട്, ചാനൽ എന്നീ പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുക എന്നത് ദീർഘ കാലമായി പരിഹരിക്കാതെ നിലനിന്നിരുന്ന വിഷയങ്ങൾ ആണ്.<br><br><u>പരിഹരിക്കപ്പെട്ടവ</u><br><br>നെയ്യാറ്റിൻകര താലൂക്കിൽ സമുദ്രതീര പുറമ്പോക്കിൽ താമസിക്കുന്ന 622 കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>തിരുവനന്തപുരം താലൂക്കിലെ പേരൂർക്കട വില്ലേജിൽ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 15 കൈവശക്കാർക്കും, പട്ടം വില്ലേജിൽ റോഡ് പുറമ്പോക്കിൽ ഉൾപ്പെട്ട 21 കുടുംബങ്ങൾക്കും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയം നല്കിയിട്ടുണ്ട്.<br><br>കാട്ടാക്കട താലൂക്കിൽ പുറമ്പോക്ക് വിറകുവനം എന്ന് BTR ൽ രേഖപ്പെടുത്തിയ ഭൂമിയിൽ താമസിക്കുന്ന 12 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് ആയിട്ടുള്ളതും, ആയത് പ്രകാരം താലൂക്ക് തലത്തിൽ പട്ടയനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>ജില്ലയിൽ വിവിധ വില്ലേജുകളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിലും സർക്കാർ പുറമ്പോക്കിലും ഉൾപ്പെട്ട നഗറുകളിൽ താമസിക്കുന്ന 874 പേർക്ക് 2024 ഫെബ്രുവരി ഒക്ടോബർ മാസങ്ങളിലായി പട്ടയം നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം താലൂക്കിലെ പേരൂർക്കട വില്ലേജിൽപ്പെട്ട 16 സെന്റ് സർക്കാർ പാറ പുറമ്പോക്ക് |

ഭൂമിയിൽ നിന്നും പാറ ഒഴിവാക്കിയുള്ള 2.02 ആർ ഭൂമിയുടെ ഇനം തരിശാക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീമതി ശോഭന എന്നയാൾക്ക് പതിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് സ.ഉ(കൈ)33/2025/RD നമ്പരായി 09.02.2025 തീയതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തിരുവനന്തപുരം താലൂക്കിലെ ആറ്റിപ്ര വില്ലേജിൽ ഉൾപ്പെട്ടതും റവന്യൂ രേഖകൾ പ്രകാരം "കാട് തരിശ്" എന്ന് ഇനം രേഖപ്പെടുത്തിയിട്ടുള്ളതുമായ 01.82 ആർ ഭൂമി 'സർക്കാർ തരിശ്' ആയി ഇനം മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ.സനൽ.ജി & ശ്രീമതി.മഞ്ജു.എസ് എന്നിവർക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടറിന് അനുമതി നൽകിക്കൊണ്ട് 22/11/2024-ൽ സ.ഉ.(കൈ)നം.236/2024/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽപ്പെട്ട 'കാട് പുറമ്പോക്ക്' ഇനത്തിൽപ്പെട്ട 2 ആർ ഭൂമി 'തരിശ്' ആയി ഇനം മാറ്റി അർതയുടെ അടിസ്ഥാനത്തിൽ ശ്രീ. സജീവ് & ശ്രീമതി. രേഷ്മ എന്നിവർക്ക് പതിച്ചു നൽകുന്നതിന് മുനിസിപ്പൽ കോർപ്പറേഷൻ പതിവ് ചട്ടം 21(1) പ്രകാരം ജില്ലാ കളക്ടർക്ക് അനുമതി നൽകി 30/06/2024 തീയതിയിൽ സ.ഉ(കൈ)നം.114/2024/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**<u>2)കൊല്ലം</u>**

പത്തനാപുരം, പുനലൂർ താലൂക്കുകളിലെ കെ.ഐ.പി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1000-ലധികം കുടുംബങ്ങളുടെ പട്ടയ പ്രശ്നം, 01.01.1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിക്കുന്ന 4500ൽ പരം കുടുംബങ്ങളുടെ പട്ടയ പ്രശ്നം, പുനലൂർ താലൂക്കിൽ പുനലൂർ പേപ്പർമില്ലിന്റെ ഭൂമിയിൽ വർഷങ്ങളായി താമസിച്ച് വരുന്ന 750-ൽ പരം കുടുംബങ്ങളുടെ പട്ടയ വിഷയം, കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ കടൽ പുറമ്പോക്കിൽ വർഷങ്ങളായി താമസിച്ച് വരുന്ന മത്സ്യതൊഴിലാളികുടുംബങ്ങളുടെ പട്ടയ പ്രശ്നം എന്നിവയാണ് ജില്ലയിൽ ദീർഘ കാലമായി പരിഹരിക്കാതെ നിലനിന്നിരുന്ന പട്ടയ പ്രശ്നങ്ങൾ.

<u>പരിഹരിക്കപ്പെട്ടവ</u>

പുനലൂർ പേപ്പർമിൽ പട്ടയം - 2022 ൽ 756 കുടുംബങ്ങൾക്ക് മിച്ചഭൂമി പട്ടയം അനുവദിച്ചിട്ടുള്ളതാണ്.

കൊല്ലം ശൂരനാട് സൗത്ത് വില്ലേജ് ഓഫീസ് നിർമാണത്തിനായി കുടിയൊഴിപ്പിച്ച 3 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയ കൊല്ലം കുന്നത്തൂർ താലൂക്കിൽ ശൂരനാട് തെക്ക് വില്ലേജിൽപ്പെട്ട 8.60 ആർ ഭൂമി നികന്നു പുരയിടമായി കാണുന്ന സാഹചര്യത്തിൽ തരിശിലേക്ക് ഇനം മാറ്റം നടത്തി പ്രസ്തുത കുടുംബങ്ങൾക്ക് പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ 30.01.2025-ലെ എം1/148/2024/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ജില്ലയിൽ പട്ടയ ഡാഷ് ബോർഡിൽ സർക്കാർ തീരുമാനത്തിനായി ചേർത്തിരുന്ന കൊല്ലം വെസ്റ്റ് വില്ലേജിൽ, രേഖകൾ പ്രകാരം കടൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരുന്ന സ്ഥലത്ത് വർഷങ്ങളായി താമസിച്ച് വന്നിരുന്ന 600 ഓളം മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ ഉത്തരവിൻ പ്രകാരം ഭൂമിയുടെ ഇനം മാറ്റം നടത്തി പട്ടയം അനുവദിച്ചിട്ടുള്ളതാണ്.

**<u>3)പത്തനംതിട്ട</u>**

മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ പൊന്തൻപുഴ വലിയകാവ് പട്ടയപ്രശ്നം, റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിലെ ട്രൈബൽ സെറ്റിൽമെന്റ് പട്ടയങ്ങൾ, കോന്നി താലൂക്കിലെ ഗ്രോ മോർ ഫുഡ് പ്രദേശത്തെ പട്ടയ പ്രശ്നം, റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പട്ടയ പ്രശ്നം, റാന്നി താലൂക്കിൽ ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ പട്ടയ പ്രശ്നം, കൊല്ലമുള വില്ലേജിലെ എയ്ഞ്ചൽ വാലി പട്ടയം പ്രശ്നം, കൊല്ലമുള വില്ലേജിലെ എക്സ് സർവ്വീസ്മെൻ കോളനി മുതലായവയാണ് ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങൾ. പ്രസ്തുത വിഷയങ്ങളെല്ലാംതന്നെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

<u>പരിഹരിക്കപ്പെട്ടവ</u>

കോഴഞ്ചേരി താലൂക്കിലെ പത്തനംതിട്ട വില്ലേജിൽ സർവ്വെ നം245/3-ൽ ഉൾപ്പെട്ട 2.87 ആർ പാറ പുറമ്പോക്ക് ഭൂമി തരിശിലേക്ക് ഇനംമാറ്റം നടത്തി ശ്രീമതി സരസമ്മ പേരിൽ പട്ടയം അനുവദിക്കുന്നതിന്

പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി സ.ഉ.(കൈ) നം.253/2024/RD തിയതി: 03.12.2024 നം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**4)ആലപ്പുഴ**

ജില്ലയിൽ പട്ടയഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടയപ്രശ്നങ്ങളിൽ ഭൂരിഭാഗം കേസുകളും കായൽ, തോട്, റോഡ്, കടൽ എന്നിവയിൽപെട്ട പുറമ്പോക്കുകളാണ്.

പരിഹരിക്കപ്പെട്ടവ

സ്വകാര്യ വ്യക്തിയുടെ തണ്ടപ്പേരിൽ ഉൾപ്പെട്ടിരുന്നതിനാൽ പട്ടയം നൽകാൻ സാധിക്കാതിരുന്ന അമ്പലപ്പുഴ താലൂക്കിലെ 20 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

**5)കോട്ടയം**

ജില്ലയിൽ ദീർഘകാലമായി പരിഹരിക്കപ്പെടാതിരുന്ന പട്ടയ വിഷയങ്ങളാണ് പമ്പാവാലി പ്രദേശത്തെ പട്ടയ പ്രശ്നം, ഹിൽമെൻ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ പ്രശ്നങ്ങൾ എന്നിവ.

പരിഹരിക്കപ്പെട്ടവ

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ പമ്പാവാലി ഏഞ്ചൽവാലി പ്രദേശത്ത് നിലവിൽ 1520 പട്ടയങ്ങൾ വിതരണം ചെയ്തു. ബാക്കി 425 അപേക്ഷകളിൽ പട്ടയ നടപടികൾ പുരോഗമിക്കുന്നു.

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി തൊണ്ടു പുറമ്പോക്ക് കുന്നുംപുറം താഴ്ചയിൽ താമസിയ്ക്കുന്ന പട്ടികജാതിയ്ക്കാരായ 14 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി വില്ലേജിൽ ഉൾപ്പെട്ട നാളത് വഴി എന്ന് ബി.റ്റി.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമി ഇനം മാറ്റുന്നതിനായി ജില്ലാ കളക്ടർക്ക് അനുമതി നൽകിയും പട്ടയ നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകിയും 15.09.2024-ലെ സ.ഉ(കൈ)നം.180/2024/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

04.11.2023-ലെ സ.ഉ(സാധാ)നം.3966/2023/റവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്,

എരുമേലി തെക്ക്, കോരുത്തോട് എന്നീ മൂന്ന് വില്ലേജുകളിൽ ഉൾപ്പെട്ടതും ബി.റ്റി.ആർ-ൽ ഭൂമിയുടെ തരം പുറമ്പോക്ക്/ഫോറസ്റ്റ്/പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിട്ടുള്ള 1450 ഹെക്ടർ ഭൂമികളിലായി താമസിച്ച് വരുന്ന 8000-ൽ അധികം കുടുംബങ്ങൾക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതിനായി 15.03.2024-ലെ സ.ഉ(കൈ)നം.67/2024/റവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 17 തസ്തികകളോടുകൂടി ഒരു വർഷത്തേക്ക് സ്പെഷ്യൽ ഓഫീസ് അനുവദിക്കുകയും പട്ടയ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

**6)ഇടുക്കി**

സംസ്ഥാന തല പട്ടയ മിഷന്റെ ഭാഗമായി പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പട്ടയം ഡാഷ്ബോർഡിൽ ജില്ലയിൽ വിവിധ ഭാഗങ്ങളിലായി പരിഹരിക്കാതെകിടന്ന 58 ഭൂമി പ്രശ്നങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും, ആയതിൽ 28 എണ്ണം പരിഹരിക്കുന്നതിനായി തുടർ നടപടി പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**7)എറണാകുളം**

ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങളാണ് പുഴ/തോട്/ പാറ/റോഡ്/കടൽ പുറമ്പോക്ക്, കാവ്പുറമ്പോക്ക്, പി.വി.ഐ.പി പുറമ്പോക്ക്, വനഭൂമി, PWD റോഡിനോട് ചേർന്നുള്ള റവന്യൂഭൂമി തുടങ്ങിയ ഇനത്തിൽപ്പെടുന്ന ഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി അനുവദിക്കുന്നത്. പ്രസ്തുത വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

പരിഹരിക്കപ്പെട്ടവ

എറണാകുളം ജില്ല കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജ് സർവ്വെ 194-ൽ ഉൾപ്പെട്ട 2.100 സെന്റ് ഭൂമി, ഗ്രൗണ്ട് റെന്റ് ഒഴിവാക്കി സൗജന്യമായി പട്ടയം അനുവദിക്കുന്നതിനായി 'തരിശ്'-ലേക്ക് ഇനം മാറ്റം വരുത്തി ശ്രീ.ജോസഫ് നെറ്റോക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി സ.ഉ(കൈ)നം. 52/2025/റവ തിയതി:21.02.2025 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കുട്ടമ്പുഴ വില്ലേജിലെ കല്ലേലിമേട് മണികണ്ഠൻചാൽ പ്രദേശത്തെ 558 കൈവശക്കാർക്ക് 1993

ചട്ടപ്രകാരം ഭൂമി പതിച്ച് നൽകുന്നതിനുള്ള സർവെ നടപടി സ്വീകരിച്ചു വരുന്നു.

വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള ഭൂമി 1964 പ്രകാരം പട്ടയം നൽകുന്നതിന് ദീർഘകാലമായി ഉണ്ടായിരുന്ന തടസ്സം പരിഹരിച്ച് പട്ടയനടപടികൾ സ്വീകരിക്കുന്നതിന് 04.11.2023-ലെ സ.ഉ(സാധാ)3966/23/RD നമ്പർ ഉത്തരവ് ലഭ്യമായിട്ടുള്ളതും, സർക്കാർ ഉത്തരവ് പ്രകാരം കോതമംഗലം സ്പെഷ്യൽ ഓഫീസ് ആരംഭിച്ച് പട്ടയനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. അതിൻ പ്രകാരം കോതമംഗലം താലൂക്കിലെ വിവിധ വില്ലേജുകളിലായി വനാതിർത്തിയിൽ താമസിക്കുന്ന 5365 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും, ആയതിൽ കടവൂർ വില്ലേജിൽ 10 പട്ടയം നൽകിയിട്ടുള്ളതും 56 എണ്ണം തയ്യാറാക്കിയിട്ടുള്ളതുമാണ്. 880 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**<u>8)തൃശ്ശൂർ</u>**

ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങളാണ് പുഴ/തോട്/പാറ/റോഡ്/കടൽ പുറമ്പോക്ക്, കാവ്പുറമ്പോക്ക്, പി.വി.ഐ.പി പുറമ്പോക്ക്, വനഭൂമി, PWD റോഡിനോട് ചേർന്നുള്ള റവന്യൂഭൂമി തുടങ്ങിയ ഇനത്തിൽപ്പെടുന്ന ഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി അനുവദിക്കുന്നത്. പ്രസ്തുത വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

<u>പരിഹരിക്കപ്പെട്ടവ</u>

തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്കിലെ കുമരനെല്ലൂർ വില്ലേജിൽ ഉൾപ്പെട്ടതും തെലുങ്കർ കോളനിയിലെ 16 കൈവശക്കാർ താമസിച്ചു വരുന്നതുമായ 'സർക്കാർ പാറ' എന്ന ബി.റ്റി.ആർ-ൽ പിശകായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഇനം പിശകായി രേഖപ്പെടുത്തിയതാണോ എന്ന വസ്തുത പരിശോധിച്ചു ഉത്തമ ബോധ്യം വന്ന ശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് അടിസ്ഥാന രേഖയായ ബി.ടി.ആറിൽ ഇനം മാറ്റം വരുത്തുന്നതിന് അനുമതി നൽകി 27/05/2023-ലെ 32/എൽ.3/2023/റവ നം. സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത പട്ടയ പ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണ്.

ഒളകര ഉന്നതിയിലെ നിവാസികൾക്ക് വനാവാകാശം നൽകുന്നതുമായി ബന്ധപ്പെട്ട് 44

വനാവാകാശരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

**9)പാലക്കാട്**

ഇറിഗേഷൻ, കനാൽ, പാറ, PWD റോഡ്, തോട്, പുഴ എന്നീ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നം, മണ്ണാർക്കാട് താലൂക്കിലെ കുമരംപുത്തൂർ വില്ലേജിൽ നി.കെ. ശ്മശാനമായി ഉപയോഗിച്ചു വന്നിരുന്ന ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന വിഷയം, സുന്ദരം കോളനി പട്ടയപ്രശ്നം, പട്ടാമ്പി താലൂക്കിലെ മുതുമല വില്ലേജിൽ പെരുമുടിയൂർ പ്രദേശത്ത് താമസിക്കുന്നവരുടെ പട്ടയപ്രശ്നം, പറമ്പിക്കുളം പി.എ.പി. ലേബർ കോളനിയിൽ താമസിച്ച് വരുന്നവരുടെ പട്ടയപ്രശ്നം, പട്ടാമ്പി താലൂക്കിലെ കൊപ്പം വില്ലേജിൽ കമ്പനിപ്പറമ്പ് ഭൂമിയിൽ താമസിക്കുന്ന കൈവശക്കാരുടെ പട്ടയപ്രശ്നം മുതലായവയാണ് ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങൾ.

<u>പരിഹരിക്കപ്പെട്ടവ</u>

മണ്ണാർക്കാട് താലൂക്കിലെ കുമരംപുത്തൂർ വില്ലേജിൽ ഉൾപ്പെട്ട ഭൂമിയിൽ താമസിക്കുന്നതും കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് അനുവാദ പത്രിക നൽകിയിട്ടുള്ളതുമായ 5 കുടുംബങ്ങൾക്ക് 1972-ലെ കേരളാ പഞ്ചായത്ത് (ഗ്രാമ പ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സ്ഥലങ്ങളും അതിലെ ചമയങ്ങളും നൽകുന്നതു സംബന്ധിച്ച്) ചട്ടങ്ങൾ പ്രകാരമാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ ലക്ഷം വീട്, ഗ്രാമീണ ഭൂരഹിതർക്കുള്ള ഭവന പദ്ധതി എന്നിവയുടെ ഗുണഭോക്താക്കൾക്ക് 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചും കൈമാറ്റങ്ങൾ സംബന്ധിച്ചും 18.07.1988-ലെ സ.ഉ(കൈ)നം.592/88/റവ, 20.05.1997-ലെ സ.ഉ(കൈ)നം.355/97/റവ, 08.04.2002-ലെ സ.ഉ(കൈ)നം. 79/2002/റവ, 30.06.2015-ലെ സ.ഉ(കൈ)നം.289/2015/റവ എന്നീ ഉത്തരവുകൾ പ്രകാരം പട്ടയ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**10)മലപ്പുറം**

പയ്യനാട് വില്ലേജിലെ സത്രം ഭൂമിയിലെ പട്ടയപ്രശ്നം, ഈഴവതുരുത്തി വില്ലേജിലെ കർമ്മ റോഡ്

പുറമ്പോക്കിലെ പട്ടയ പ്രശ്നം, വള്ളിക്കുന്ന് വില്ലേജിലെ കടലുണ്ടി പുഴ പുറമ്പോക്ക് ഭൂമിയിലെ പട്ടയ പ്രശ്നം, പൊന്നാനി താലൂക്കിലെ സുനാമി കോളനി പട്ടയം, മൊറയൂർ വില്ലേജിലെ പാറ പുറമ്പോക്ക് പട്ടയം, ഈഴവതുരുത്തി വില്ലേജിലെ നരിപറമ്പ് ദേശീയപാത പുറമ്പോക്ക് പട്ടയം, കടൽ പുറമ്പോക്ക്, പൊന്നാനി താലൂക്ക് കണ്ണറമ്പ് നിവാസികളുടെ പട്ടയ പ്രശ്നം, തട്ടത്തലം എസ്.സി നഗർ നിവാസികളുടെ പട്ടയപ്രശ്നം, പെരുമ്പടപ്പ് വില്ലേജിലെ ഗവർണ്ണർ കോളനി നിവാസികൾക്ക് പട്ടയം അനുവദിക്കുന്നത്, എടപ്പാൾ മുല്ലമാട് കായൽ പുറമ്പോക്ക്, തിരൂർ താലൂക്കിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് വക ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നത്, കൊടക്കൽ ടൈൽ ഫാക്ടറി മിച്ചഭൂമി പട്ടയപ്രശ്നം തുടങ്ങിയവയാണ് ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങൾ.

<u>പരിഹരിക്കപ്പെട്ടവ</u>

മൊറയൂർ വില്ലേജിലെ പാറ പുറമ്പോക്കിൽ ദീർഘ കാലമായി താമസിച്ചു വന്ന 23 കൈവശക്കാർക്ക് 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിക്കുന്നതിന് 22.02.2025-ൽ സ.ഉ.(കൈ)നം.53/2025/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പയ്യനാട് വില്ലേജിൽ സത്രം വക ഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 18.05.2024 തീയതിൽ സ.ഉ(കൈ)നം. 83/2024/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൊടക്കൽ ടൈൽ ഫാക്ടറി മിച്ചഭൂമിക്കേസിലുൾപ്പെട്ട് ഭൂനികുതി അട വാക്കാനാവാതെ ദുരിതത്തിലായിരുന്ന തിരൂർ താലൂക്ക് തിരുന്നാവായ വില്ലേജിലെ 47 കുടുംബങ്ങൾക്ക് മിച്ചഭൂമി പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

<u>**11)കോഴിക്കോട്**</u>

ചങ്ങരോത്ത് ജാനകിവയൽ പട്ടയപ്രശ്നം, ചെറുപ്ലാട് പ്രദേശത്തെ പട്ടയപ്രശ്നം, മംഗലശ്ശേരിതോട്ടം നിവാസികളുടെ പട്ടയപ്രശ്നം, കാന്തലാട് വില്ലേജിലെ പാറ പുറമ്പോക്ക്, കട്ടിപ്പാറ പുഴ പുറമ്പോക്ക്, നൊച്ചാട് ബോട്ട്-ഇൻ-ലാൻഡ് ഭൂമിയിലെ പട്ടയപ്രശ്നം, ഇരിങ്ങൽ പുഴ പുറമ്പോക്ക്, പുതുപ്പാടി മിച്ചഭൂമി പട്ടയപ്രശ്നം, ശാന്തിനഗർ പട്ടയപ്രശ്നം

മുതലായവയാണ് ജില്ലയിലെ പ്രധാന പട്ടയ വിഷയങ്ങൾ.

പ്രസ്തുത വിഷയങ്ങളെല്ലാം പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി പട്ടയ മിഷൻ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

<u>പരിഹരിക്കപ്പെട്ടവ</u>

കാന്തലാട് വില്ലേജിലെ പാറ പുറമ്പോക്കിൽ ആകെ 54 കൈവശങ്ങളാണുള്ളത്. ഒരങ്കോകുന്ന് നഗർ-14, തലയാട് നഗർ-21, മണ്ടോപ്പാറ നഗർ-19 എന്നിങ്ങനെയാണ് കൈവശക്കാരുടെ എണ്ണം. ഇവയിൽ ഒരങ്കോകുന്ന് നഗറിൽ ഉൾപ്പെടുന്ന 14 കേസുകളിൽ ജന്മി ഉള്ളതായി രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ ടി കൈവശക്കാർക്ക് എൽ.റ്റി പട്ടയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**<u>12)വയനാട്</u>**

വൈത്തിരി താലൂക്കിലെ വുഡ് ലാൻഡ്സ് എസ്റ്റേറ്റ് എസ്ചീറ്റ് ലാൻഡ്, സുൽത്താൻ ബത്തേരി വില്ലേജിലെ ചീങ്ങേരി ട്രൈബൽ സ്കീം, ഇരുളം മിച്ചഭൂമി, ഫെയർ ലാൻഡ് കോളനി പട്ടയ പ്രശ്നം, ബീനാച്ചി എസ്റ്റേറ്റ് ചുരിമല പട്ടയ വിഷയം, സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിലെ ഫോറസ്റ്റ് ലീസ് കർഷകരുടെ പട്ടയ പ്രശ്നം, പാരിസൺസ് മിച്ചഭൂമി പ്രശ്നം, നരിക്കൽ മിച്ചഭൂമി പ്രശ്നം, അറമല ഭൂമി പ്രശ്നം, മാനന്തവാടി തവിഞ്ഞാൽ വില്ലേജിലെ മക്കിമല, വേമം ചെന്നലായി എസ്റ്റേറ്റ് പട്ടയ പ്രശ്നം, മര്യനാട് ഭൂമി പട്ടയപ്രശ്നം, ഗ്രോമോർ ഫുഡ് പദ്ധതി പട്ടയ പ്രശ്നം എന്നിവയാണ് ജില്ലയിൽ ദീർഘകാലമായി പരിഹരിക്കപ്പെടാതിരുന്ന പട്ടയപ്രശ്നങ്ങൾ.

<u>പരിഹരിക്കപ്പെട്ടവ</u>

വുഡ് ലാൻഡ് എസ്റ്റേറ്റ്, നരിക്കൽ മിച്ചഭൂമി പ്രശ്നം, പാരിസൺസ് മിച്ചഭൂമി പ്രശ്നം, ചീങ്ങേരി പട്ടയ വിഷയം എന്നിവ പരിഹരിക്കപ്പെട്ടിട്ടുള്ളവയാണ്.

**<u>13)കണ്ണൂർ</u>**

കടൽ പുറമ്പോക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭൂമിയിലെ പട്ടയ

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ മുതലായവയാണ് ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങൾ.<br><br><u>പരിഹരിക്കപ്പെട്ടവ</u><br><br>കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ വില്ലേജിൽ 1958-ൽ ഒരേക്കർ ഭൂമി വീതം 28 പേർക്ക് അനുവദിച്ച താൽക്കാലിക പട്ടയം സ്ഥിരം പട്ടയം ആക്കണമെന്ന് ആവശ്യപ്പെട്ട് കൈവശക്കാർ 64 വർഷത്തോളമായി<br>ആവശ്യമുന്നയിച്ചുവരികയായിരുന്നു. അറുപതിലധികം വർഷങ്ങൾക്ക് മുൻപ് സർക്കാർ താത്ക്കാലിക പട്ടയം നൽകിയതിലൂടെ കൈവശം വെച്ച് അനുഭവിച്ചു വരുന്ന ഭൂമിക്ക് 1995-ലെ കേരള മുൻസിപ്പൽ,കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ, ചട്ടം 21 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് 135 കൈവശക്കാർക്ക് 30.03.2023-ലെ സഉ(കൈ)നം.74/2023/ആർ.ഡി നമ്പർ പ്രകാരം പട്ടയം അനുവദിച്ചു.<br><br>പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടിരുന്ന ഭൂരിഭാഗം പട്ടയ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്.<br><br>**<u>14)കാസർഗോഡ്</u>**<br><br>പുഴ പുറമ്പോക്ക്, കടൽ പുറമ്പോക്ക് ഭൂമിയിലെ പട്ടയപ്രശ്നങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ എന്നിവയാണ് ജില്ലയിലെ പ്രധാന പട്ടയ പ്രശ്നങ്ങൾ. ആയവ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പട്ടയ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനുതകുംവിധം നടപടികൾ ആവിഷ്കരിച്ചതിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ? | (ഡി) | 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട്-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് '1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ' പ്രകാരവും. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് '1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ' പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br>ഇപ്രകാരം പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ''എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ'' എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി റവന്യൂ വകുപ്പ് 'പട്ടയം മിഷൻ'' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.<br>1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങൾ |

പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ ബഹു.റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.

ഇത് കൂടാതെ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ മധ്യ - ഉത്തര എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

മേൽ പരാമർശിച്ചത് കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പട്ടയ അസംബ്ലികൾ 2025 മാർച്ച് 1 മുതൽ 31 നകം കൂടുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര പുരോഗതി പ്രസ്തുത യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ

| | | | | |
|---|---|---|---|---|
| | | | | അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നതുമാണ്. <br><br> മേൽ പരാമർശിച്ച പട്ടയ പ്രവർത്തനങ്ങളുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ ആകെ 1,80,887 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഇടുക്കി ജില്ലയിൽ നടപടിയിലിരിക്കുന്ന പട്ടയ പ്രശ്നങ്ങൾ

| ക്രമ നം. | പട്ടയ പ്രശ്നങ്ങൾ | കേസുകളുടെ എണ്ണം |
|---|---|---|
| 1. | ലാൻഡ് രജിസ്റ്ററിൽ ഏലം എന്ന രേഖപ്പെടുത്തൽ | 19 |
| 2. | നീലക്കുറിഞ്ഞി സങ്കേതം | 2 |
| 3. | വരുമാനപരിധി കൂടുതലുള്ള കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് (1964 Rule Unoccupied Land) | 2 |
| 4. | റവന്യൂ രേഖകളിൽ എസ്.റ്റി വിഭാഗക്കാരുടെ ഭൂമിയിലെ ഇതര കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് | 1 |
| 5. | ലാൻഡ് രജിസ്റ്ററിൽ കൈവശവും കൃഷിയും രേഖപ്പെടുത്താത്തത് | 1 |
| 6 | K.D.H റൂൾ ബാധകമായ പ്രദേശത്ത് അനുവദിച്ച 1964 റൂൾ പ്രകാരം പട്ടയം അനുവദിച്ചത് | 4 |
| 7. | മന്നാംകണ്ടം പട്ടയപ്രശ്നം | 1 |
| | ആകെ | 30 കേസുകൾ |

പരിഹരിക്കുന്നതിനായി നടപടി പുരോഗമിച്ചു വരുന്നവ

| ക്രമ നം. | പട്ടയ പ്രശ്നങ്ങൾ | കേസുകളുടെ എണ്ണം |
|---|---|---|
| 1. | 02.06.2020-ലെ സ.ഉ(സാധാ)നം.2020/2020/റവ സർക്കാർ ഉത്തരവ് പ്രകാരം പട്ടയം അനുവദിക്കുന്നത് | 3 |
| 2. | വിവിധ ജലവൈദ്യുത പ്രദേശത്തെ കൈവശക്കാരുടെ പട്ടയ പ്രശ്നം | 5 |
| 3. | പൊൻമുടി ഡാമിന്റെ 10 ചെയിൻ-ന് പുറത്തുള്ള കൈവശക്കാരുടെ പട്ടയ പ്രശ്നം | 1 |
| 4. | കട്ടപ്പന ടൌൺഷിപ്പിലെ കൈവശക്കാരുടെ പട്ടയം | 1 |
| 5. | ചെറുതോണി ഗാന്ധിനഗർ നിവാസികളുടെ പട്ടയ പ്രശ്നം | 1 |
| 6. | റവന്യൂ രേഖകളിൽ റോഡ് പുറമ്പോക്ക്, കെ.എസ്.ഇ.ബി എന്നീ രേഖപ്പെടുത്തലുകൾ | 1 |
| 7. | വാട്ടർ അതോറിറ്റിയുടെ ഭൂമിയിലെ കൈവശക്കാരുടെ പട്ടയം | 1 |

| | | |
|---|---|---|
| 8. | മ്ലാപ്പാറ,കൊക്കയാർ വില്ലേജിലെ ഉറുമ്പിക്കര എന്നീ പ്രദേശങ്ങളിലെ പട്ടയം | 2 |
| 9. | പീരുമേട് താലൂക്കിലെ മഞ്ചുമല വില്ലേജിലെ മിച്ചഭൂമിയിലെ അനധികൃതകൈവശം | 1 |
| 10. | പീരുമേട് താലൂക്കിലെ മഞ്ചുമല വില്ലേജിലെ പെരിയാർ പുഴപുറമ്പോക്കിൽ ഉൾപ്പെട്ട കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് | 2 |
| 11. | ഇടുക്കി താലൂക്കിലെ കാഞ്ചിയാർ വില്ലേജിൽ റീസർവ്വെ രേഖകളിൽ തേക്ക് പ്ലാന്റേഷൻ എന്ന രേഖപ്പെടുത്തൽ | 1 |
| 12. | സർവ്വെ രേഖകളിൽ പാറ എന്ന രേഖപ്പെടുത്തൽ | 4 |
| 13. | സംസ്ഥാന അതിർത്തിയോട് ചേർന്ന കൈവശങ്ങൾക്ക് പട്ടയം | 2 |
| 14. | ഹിൽമെൻ സെറ്റിൽമെന്റ് | 3 |
| | **ആകെ** | **28** |